പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.T.700 — 29/01/2019 ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രളയം മൂലം പമ്പയിൽ എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായത്; ശബരിമല തീർത്ഥാടകർക്ക് സൗകര്യങ്ങൾ ഒരുക്കുന്നതിൽ എന്തൊക്കെ ബുദ്ധിമുട്ടുകളാണ് അഭിമുഖീകരിക്കേണ്ടി വന്നത്; ശബരിമല മണ്ഡല-മകരവിളക്ക് സീസണുമായി ബന്ധപ്പെട്ട് എന്തൊക്കെ സൗകര്യങ്ങളാണ് പുനഃസ്ഥാപിക്കാൻ കഴിഞ്ഞത്; തിർത്ഥാടകർക്ക് പരമാവധി ബുദ്ധിമുട്ട് കുറയ്ക്കുന്നതിനായി എന്തൊക്കെ സൗകര്യങ്ങൾ ഏർപ്പെടുത്താൻ കഴിഞ്ഞുവെന്നറിയിക്കാമോ; | | (എ)യും (ബി)യും<br>2018 ആഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ പമ്പാനദി ദിശമാറി ഒഴുകി ആ പ്രദേശം മുഴുവൻ വലിയതോതിൽ മണൽ നിറഞ്ഞു. പമ്പയിൽ നിലവിലുണ്ടായിരുന്ന രാമമൂർത്തി മണ്ഡപം, ടോയ് ലെറ്റ് കോംപ്ലക്സ്, നടപ്പന്തൽ,മീഡിയ കിയോസ്കുകൾ, മണപ്പുറത്ത് വിരിച്ചിരുന്ന ടൈലുകൾ,മാലിന്യ സംസ്കരണ പ്ലാന്റിലേയ്ക്കുള്ള പൈപ്പ് ലൈനുകൾ കുടിവെള്ള പൈപ്പ് ലൈനുകൾ, വൈദ്യുതി വിതരണ സംവിധാനം എന്നിവ പൂർണ്ണമായും നശിച്ചു പോയിരുന്നു.മറ്റ് കെട്ടിടങ്ങൾക്കും ഇൻസിനറേറ്ററിനും സാരമായ കേടുപാടുകൾ സംഭവിച്ചു. പ്രളയത്തിനു ശേഷം സുപ്രീം കോടതി നിയോഗിച്ച ഉന്നതാധികാര സമിതി നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പമ്പയിൽ തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള |
| (ബി) | സുപ്രീം കോടതി ചുമതലപ്പെടുത്തിയ ശബരിമല ഉന്നതാധികാര സമിതി പമ്പയിലെ നിർമ്മാണങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തിയ സാഹചര്യത്തിൽ തീർത്ഥാടകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | വിരി ഷെഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചു. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് പാലങ്ങളും നദിയും സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയിലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സംരക്ഷണ ഭിത്തി ഇടിഞ്ഞു പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും, അന്നദാനത്തിനും, കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.മാലിന്യ നിർമ്മാർജ്ജനത്തിന് ശുചീകരണത്തൊഴിലാളികളെ ചുമതലപ്പെടുത്തുകയും ഇൻസിനറേറ്ററുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പമ്പയിൽ അടിഞ്ഞു കൂടിയ മണൽ നീക്കം ചെയ്യുന്നതിനും പുതിയ പാലം നിർമ്മിക്കുന്നതിനും ഗതിമാറി ഒഴുകിയ പമ്പയെ പുനഃസ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) | സർക്കാർ ചുമതലപ്പെടുത്തിയ പ്രകാരം ടാറ്റ പ്രോജക്ട്സ് ലിമിറ്റഡ് കമ്പനി പമ്പയിൽ അടിഞ്ഞുകൂടിയ മണൽ ,വൃക്ഷങ്ങൾ ,മറ്റ് അവശിഷ്ടങ്ങൾ എന്നിവ നീക്കം ചെയ്ത് പമ്പാനദിയെ പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ട്. പാലങ്ങളും സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. പമ്പാതീരത്ത് 300 മീറ്ററോളം തകർന്ന ഭാഗങ്ങളും മറ്റ് മണൽ |

| | | | |
|---|---|---|---|
| | | | സംഭരണ സ്ഥലങ്ങളിലും മണൽ ചാക്കുകൾ അടുക്കി തീർത്ഥാടന യോഗ്യമാക്കി യിട്ടുണ്ട്. പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് നടപടി കൾ ആരംഭിച്ചിട്ടില്ല. |
| (ഡി) | അടുത്ത വർഷത്തെ മണ്ഡല-മകരവിളക്ക് സീസണുമുമ്പായി തീർത്ഥാടക ക്ഷേമത്തെ മുൻനിർത്തി ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ? | (ഡി) | അടുത്ത വർഷത്തെ മണ്ഡല-മകരവിളക്ക് സീസണ് മുന്നോടിയായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ